# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നം.484 02/07/2013-ൽ മറുപടിയ്ക്ക്

### പഞ്ചായത്ത് നഗരപാലികാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് സംവിധാനം

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. പി.കെ.ബഷീർ<br>" എം.പി.അബ്ദുസ്സമദ് സമദാനി<br>" റ്റി.എ.അഹമ്മദ് കബീർ<br>" സി.മോയിൻകുട്ടി | ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി |
| ചോദ്യം | മറുപടി |
| (എ) പഞ്ചായത്ത് നഗരപാലികാ സ്ഥാപനങ്ങൾ വിനിയോഗിക്കുന്ന പ്ലാൻ ഫണ്ടിൽ വർദ്ധനയുണ്ടായ സാഹചര്യത്തിൽ ആഡിറ്റിംഗ് സംവിധാനത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ; | പഞ്ചായത്ത് സ്ഥാപനങ്ങൾ വിനിയോഗിക്കുന്ന പ്ലാൻ ഫണ്ടിൽ വർദ്ധനവുണ്ടായ സാഹചര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാനും ഓഡിറ്റ് റിപ്പോർട്ടുകളുടെ ഗുണനിലവാരം ഉയർത്തുവാനുമുള്ള നടപടികൾ സംബന്ധിച്ച് ഓഡിറ്റിന് നേതൃത്വം നൽകുന്ന ടീം ലീഡറുടെ ഉത്തരവാദിത്തങ്ങൾ പുനർ നിർദ്ദേശിച്ചു കൊണ്ട് 27/12/2011-ലെ 22/2011 നമ്പർ സർക്കുലർ എല്ലാ സബ് ഓഫീസുകൾക്കും നൽകിയിട്ടുണ്ട്. ഇതു പ്രകാരം ഓഡിറ്റിന്റെ പരിശോധന, എൻട്രി/ എക്സിറ്റ്കോൺഫറൻസ്, തെളിവ് ശേഖരണം മുതലായവയിൽ കാതലായ മാറ്റം വരുത്തിയിട്ടുണ്ട്. |
| (ബി) പഞ്ചായത്ത് നഗരപാലികാ സ്ഥാപനങ്ങളുടെ നിലവിലെ അക്കൗണ്ടിംഗ് സംവിധാനത്തെക്കുറിച്ച് ആഡിറ്റിംഗ് വിഭാഗം അവരുടെ റിപ്പോർട്ടിൽ എന്തെങ്കിലും | സംഖ്യാ അക്കൗണ്ടിംഗ് സമ്പ്രദായത്തിലേയ്ക്ക് മാറിയപ്പോൾ ഓഡിറ്റ് വിഭാഗം നേരിട്ടിട്ടുള്ള ന്യൂനതകൾ സംബന്ധിച്ച വിവരം സബ് ഓഫീസുകൾ ഹെഡ് ഓഫീസിനെ അറിയിക്കുകയും |

| | |
|---|---|
| പരാമർശമോ അക്കൗണ്ടിംഗ് രീതി പരിഷ്കരിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങളോ നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ആയതിന്റെ സംഗ്രഹം കത്ത് നം. എൽ.എഫ്. 6775/എസ്.എസ്3/2013 തീയതി: 21/05/2013 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷം പഞ്ചായത്ത്/ നഗരപാലികാ സ്ഥാപനങ്ങൾക്ക് ന്യൂനതകൾ ഉൾപ്പെടുത്തി Qualified Certificate നൽകിയിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ചിട്ടുള്ള മുറയ്ക്ക് Clear Certificate -ഉം നൽകിയിട്ടുണ്ട്. നിലവിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സാംഖ്യാ അക്കൗണ്ടിംഗ് രീതിയിലേയ്ക്ക് പൂർണ്ണമായും മാറിയിട്ടില്ല. |
| (സി) ഏതു ധനകാര്യ വർഷം വരെയുള്ള സമാഹൃത ആഡിറ്റ് റിപ്പോർട്ട് പൂർത്തിയായിട്ടുണ്ടെന്ന് വിശദമാക്കുമോ? | 2011-12 ധനകാര്യ വർഷം വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ട് പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ